# മന്നംജയന്തിആശംസകൾ

കർമ്മയോഗിയും സാമൂഹ്യപരിഷ്കർത്താവുമായ ശ്രീ മന്നത്തു പത്മനാഭന്റെ 145-ാമത് ജയന്തി ആചരണം സംസ്ഥാനതലത്തിൽ എൻ.എസ്.എസ്സിന്റെ ആസ്ഥാനത്തും താലൂക്ക് യൂണിയൻ ആസ്ഥാനങ്ങളിലും കരയോഗമന്ദിരങ്ങളിലും ഭക്ത്യാദരപൂർവം നടന്നുവരികയാണ്. 143 വർഷങ്ങളായി ജനുവരി 1, 2 തീയതികളിൽ നടന്നുവന്ന സമ്മേളനങ്ങളും ആഘോഷങ്ങളും കോവിഡ് നിബന്ധനകൾ പാലിച്ചുകൊണ്ട് കഴിഞ്ഞവർഷവും ഈ വർഷവും മാറ്റിവയ്ക്കുകയാണുണ്ടായത്.

സ്വന്തം സമുദായത്തിന്റെ പുരോഗതിയിലൂടെ സമൂഹത്തിനും രാജ്യത്തിനും വേണ്ടി, ഒരു ജീവിതകാലം മുഴുവൻ സേവനം അർപ്പിച്ച കർമ്മയോഗിയായ മന്നത്തു പത്മനാഭന് പകരക്കാരനായി മറ്റൊരാളെ കണ്ടെത്താൻ കഴിയുമെന്നു തോന്നുന്നില്ല. അദ്ദേഹം തുറന്നുതന്ന വഴിയിലൂടെ സഞ്ചരിച്ച് സമൂഹസേവ ചെയ്യുന്ന ഒരു സമുദായമാണ് നായർസമുദായം. ലോകം ഉള്ളിടത്തോളം കാലം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ അംഗീകരിക്കാനും പിന്തുടരാനും നായർ സർവീസ് സൊസൈറ്റി എന്നും പ്രതിജ്ഞാബദ്ധമാണ്.

എന്നാൽ മതേതരഅടിത്തറയിലൂടെ വളർന്ന് ഒരു നൂറ്റാണ്ടിലേറെക്കാലമായി സമൂഹനന്മയ്ക്കായി പ്രവർത്തിക്കുന്ന നായർ സർവീസ് സൊസൈറ്റിയോടുള്ള രാഷ്ട്രീയപ്പാർട്ടികളുടെയും സംസ്ഥാനഗവണ്മെന്റിന്റെയും ചില കാര്യങ്ങളിലുള്ള തെറ്റായ സമീപനത്തെപ്പറ്റി സൂചിപ്പിക്കാതെവയ്യ.

എല്ലാ രാഷ്ട്രീയപ്പാർട്ടികളെയും ഒരുപോലെ കാണുകയും ഗവണ്മെന്റിന്റെ ശരിയായ നടപടികൾ അംഗീകരിക്കുകയും തെറ്റായ നയങ്ങളെ മാത്രം വിമർശിക്കുകയും ചെയ്തുപോരുന്ന എൻ.എസ്.എസ്സിനോടുള്ള ഈ സമീപനം അവർ തിരുത്തുന്നില്ലെങ്കിൽ അതിന്റെ പ്രത്യാഘാതം അവർതന്നെ അനുഭവിക്കേണ്ടിവരുമെന്നേ പറയാനുള്ളു.

സംസ്ഥാനഗവണ്മെന്റും കേന്ദ്രഗവണ്മെന്റും ശ്രീ മന്നത്തുപത്മനാഭന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചുകൊണ്ട് പല സന്ദർഭങ്ങളിൽ ബഹുമതികൾ നല്കിയിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ പേരിൽ ഇപ്പോഴത്തെ സംസ്ഥാനഗവണ്മെന്റിനോട് ഒരുകാര്യം മാത്രമേ എൻ.എസ്.എസ്. ആവശ്യപ്പെട്ടുള്ളു. വൈകിയാണെങ്കിലും കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് ആണ് അദ്ദേഹത്തിന്റെ ജന്മദിനമായ ജനുവരി 2 പൊതുഅവധിയായി പ്രഖ്യാപിച്ചത്. ഈ അവധി നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽകൂടി കൊണ്ടുവരണം എന്ന ആവശ്യമാണ് ഇപ്പോഴത്തെ സംസ്ഥാനസർക്കാരിനോട് ഉന്നയിച്ചത്. അർഹതപ്പെട്ട ഈ ആവശ്യം പല തവണ ഉന്നയിച്ചെങ്കിലും മുടന്തൻന്യായങ്ങൾ പറഞ്ഞ് എൻ.എസ്.എസ്സിന്റെ ആവശ്യം തള്ളിയ ഗവണ്മെന്റുനടപടിയോട് ശക്തമായ പ്രതിഷേധമുണ്ട്. പക്ഷേ, ഇക്കൂട്ടർ നവോത്ഥാനനായകനായി ചിലയിടത്തൊക്കെ അദ്ദേഹത്തിന്റെ ചിത്രം ഉയർത്തിപ്പിടിക്കുന്ന ഇരട്ടത്താപ്പുനയം ജനങ്ങൾ മനസ്സിലാക്കുമെന്ന് അവർ കരുതണം.

സംസ്ഥാനമൊട്ടുക്ക് മന്നംജയന്തി ആചരണത്തിൽ പങ്കെടുക്കുന്ന സമുദായസ്നേഹികൾക്കും അഭ്യുദയകാംക്ഷികൾക്കും ആചാര്യനാമത്തിൽ ആശംസകളും നന്മകളും നേരുന്നു.

പെരുന്ന
2.1.2022

ജി.സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി